LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽനിന്നും ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റഴിച്ച സബ്സിഡി സാധനങ്ങളുടെ 2011 മെയ് മാസത്തെയും 2015 മെയ് മാസത്തെയും വിൽപ്പന വില അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത്

108 (2603) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചത് മൂലമുണ്ടാകുന്ന കുറവ് നികത്താൻ സ്വീകരിച്ചിട്ടുള്ള അടിയന്തര വിപണി ഇടപെടൽ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രത്തിൽനിന്നും അവശ്യസാധനങ്ങൾക്ക് അഡ്ഹോക്ക് അലോട്ട്മെന്റ് നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അരി, ഗോതമ്പ് എന്നിവയുടെ വിഹിതത്തിൽ ഇപ്പോൾ കുറവ് വരുത്തിയിട്ടില്ല. മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ 2015-16 ഏപ്രിൽ തുടങ്ങുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ത്രൈമാസ വിഹിതത്തിൽ 600 കിലോ ലിറ്റർ കുറവ് വന്നിട്ടുണ്ടെങ്കിലും നിലവിൽ റേഷൻ കാർഡുടമകൾക്ക് നൽകി വരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടില്ല.

(ബി) അവശ്യസാധനങ്ങളുടെ അലോട്ട്മെന്റിൽ കുറവുണ്ടാകുമ്പോൾ സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും കേന്ദ്രത്തിൽനിന്നും അഡ്ഹോക്ക് അലോട്ട്മെന്റ് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ

109(2604) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സപ്ലൈകോ അടക്കമുള്ള സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

സപ്ലൈകോ വിൽപ്പനശാലകളിൽ സബ്സിഡി ഉൽപ്പന്നങ്ങൾ ലഭ്യമാകാത്ത സാഹചര്യങ്ങൾ വിരളമാണ്. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ, പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. നിലവിൽ ഭൂരിപക്ഷം മാവേലിസ്റ്റോറുകളും പ്രവർത്തിക്കുന്നത് സ്ഥലസൗകര്യം കുറഞ്ഞ കെട്ടിടങ്ങളിലാണ്. ആയതിനാൽ ഇവിടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം പരിമിതമാണ്. ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വർദ്ധനവ് വിൽപ്പനയിലുണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകാറുമുണ്ട്. എല്ലാ മാവേലിസ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നുണ്ട് :

(1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly